2024
MAY
03
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## കൊവാക്സിൻ സുരക്ഷിതമെന്ന് ഭാരത് ബയോടെക്ക്

**ന്യൂഡൽഹി:** കൊവിഡ് വാക്സിനായ കൊവാക്സിൻ സുരക്ഷിതമെന്ന് നിർമാതാക്കളായ ഭാരത് ബയോടെക്ക്. കൊവീഷീൽഡ് വാക്സിന് പാർശ്വഫലങ്ങളുണ്ടെന്ന വിവരങ്ങൾ പുറത്തുവന്നതിനു പിന്നാലെയാണ് ഭാരത് ബയോടെക്കിൻറെ പ്രതികരണം.




ഇന്ത്യയിൽ ട്രയൽ നടത്തിയ ഒരേയൊരു കൊവിഡ് വാക്സിൻ കൊവാക്സിൻ ആണ്. സുരക്ഷയ്ക്കാണ് പ്രഥമ പരിഗണന നൽകിയത്. വാക്സിൻറെ സുരക്ഷ കേന്ദ്ര ആഭ്യന്ത്രരമന്ത്രാലയം വിലയിരുത്തിയിട്ടുള്ളതാണെന്നും ഭാരത് ബയോടെക്ക് പറഞ്ഞു.നേരത്തേ കൊവീഷീൽഡ് വാക്സിന് ചെറിയ പാർശ്വഭലങ്ങൾ ഉണ്ടായേക്കാം എന്ന് നിർമാണ കമ്പനിയായ ആസ്ട്രസെൻക്ക യുകെയിലെ കോടതിയിൽ അറിയിച്ചിരുന്നു. ഇതിന് പിന്നാലെയാണ് ബയോടെക്ക് വിശദീകരണവുമായി രംഗത്തെത്തിയത്.

## ഉഷ്ണതരംഗ സാധ്യത: സംസ്ഥാനത്ത് നാലു ജില്ലകളിൽ യെലോ അലർട്ട്

**തിരുവനന്തപുരം:** ആലപ്പുഴ, പാലക്കാട്, തൃശൂർ, കോഴിക്കോട് ജില്ലകളിലെ ചില പ്രദേശങ്ങളിൽ ഇന്നും നാളെയും ഉഷ്ണതരംഗ സാധ്യത തുടരുന്നതിനാൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് യെലോ അലർട്ട് പ്രഖ്യാപിച്ചു. ഇന്നും നാളെയും പാലക്കാട്, തൃശൂർ, കോഴിക്കോട് ജില്ലകളിലെ വിവിധ പ്രദേശങ്ങളിൽ ഉഷ്ണതരംഗ സാഹചര്യം നിലനിൽക്കുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.തുടർച്ചയായ ദിവസങ്ങളിൽ അതിതീവ്രമായ ചൂട് രേഖപ്പെടുത്തിയതിന്റേയും, അടുത്ത ദിവസങ്ങളിലും പാലക്കാട് ജില്ലയിൽ 40 ഡിഗ്രി സെൽഷ്യസ് വരെയും, കൊല്ലം, തൃശൂർ, കോഴിക്കോട് ജില്ലകളിൽ 39 ഡിഗ്രി സെൽഷ്യസ് വരെയും, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, കണ്ണൂർ ജില്ലകളിൽ 38 ഡിഗ്രി സെൽഷ്യസ് വരെയും, തിരുവനന്തപുരം, എറണാകുളം, മലപ്പുറം, കാസർകോട് ജില്ലകളിൽ ഉയർന്ന താപനില 37 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയരുമെന്ന പ്രവചനത്തിന്റെയും അടിസ്ഥാനത്തിലാണ് ഉഷ്ണതരംഗ മുന്നറിയിപ്പ്.



## മ്യാൻമറിൽ നിന്നെത്തിയ റോഹിംഗ്യൻ കുടിയേറ്റക്കാരെ മടക്കി അയച്ചു

**ഇംഫാൽ:** മ്യാൻമറിൽ നിന്ന് മണിപ്പൂരിലേക്ക് എത്തിയ 38 അനധികൃത കുടിയേറ്റക്കാരെ വ്യാഴാഴ്ച തെങ്നൗപാൽ ജില്ലയിലെ മോറെ പട്ടണത്തിലൂടെ മടക്കി അയച്ചു. മുഖ്യമന്ത്രി എൻ ബിരേൻ സിംഗ് ഇക്കാര്യം അറിയിച്ചത്.

കൈമാറ്റ ചടങ്ങിനിടെ മ്യാൻമറിൽ നിന്ന് ഒരു ഇന്ത്യൻ പൗരനെയും തിരികെ നൽകി. ഒരു വിവേചനവുമില്ലാതെ, മ്യാൻമറിൽ നിന്നുള്ള അനധികൃത കുടിയേറ്റക്കാരെ നാടുകടത്തുന്നതിൻറെ ആദ്യ ഘട്ടം ഞങ്ങൾ പൂർത്തിയാക്കി, 38 കുടിയേറ്റക്കാർ കൂടി ഇന്ന് ഇന്ത്യയിലെ മണിപ്പൂരിൽ നിന്ന് മോറെ വഴി പുറപ്പെടുന്നു.

ആദ്യ ഘട്ടത്തിൽ 77 അനധികൃത കുടിയേറ്റക്കാരെ നാടുകടത്തിയിട്ടുണ്ട്. കൈമാറ്റ ചടങ്ങിനിടെ ഒരു ഇന്ത്യൻ പൗരനെ മ്യാൻമറിൽ നിന്ന് തിരികെ കൊണ്ടുവന്നു. സിംഗ് എക്സിൽ കുറിച്ചു. അയൽരാജ്യമായ മണിപ്പൂരിലെയും കേന്ദ്രസേനയിലെയും സുരക്ഷാ ഉദ്യോഗസ്ഥർ ചടങ്ങിൽ പങ്കെടുത്തു.

## പലിശ നിരക്ക്: റിസർവ് ബാങ്ക് കടുത്ത തീരുമാനത്തിലേക്ക്

**കൊച്ചി:** തുടർച്ചയായി ഉയർത്തുകയും പിന്നീട് സ്ഥിരമായി നിർത്തുകയും ചെയ്ത പലിശ നിരക്ക് കുറയ്ക്കാനുള്ള ആലോചനയിൽ നിന്ന് റിസർവ് ബാങ്ക് പിന്നോട്ടു പോകുന്നു. ഭക്ഷ്യ ഉത്പന്നങ്ങളുടെയും ഇന്ധനങ്ങളുടെയും വിലക്കയറ്റ ഭീഷണി വീണ്ടും ശക്തമായതോടെ പലിശ നിരക്ക് വീണ്ടും ഉയർത്താൻ ആർബിഐ നിർബന്ധിതമായേക്കും.

ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾ പലതും ഉഷ്ണ തരംഗത്തിൽ വലയുന്നതിനാൽ പ്രധാന കാർഷിക മേഖലകളിൽ കനത്ത ഉത്പാദന തകർച്ചയാണ് ദൃശ്യമാകുന്നത്. ഇതോടെ പച്ചക്കറികൾ, ധാന്യങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, പയർ വർഗങ്ങൾ എന്നിവയുടെ വില കുത്തനെ കൂടുകയാണെന്ന് വിപണി വൃത്തങ്ങൾ പറയുന്നു. പച്ചക്കറി വില അപകടകരമായ രീതിയിൽ മുകളിലേക്ക് നീങ്ങുകയാണ്. പൊതുതെരഞ്ഞെടുപ്പിന് മുന്നോടിയായി പല കാർഷിക ഉത്പന്നങ്ങളുടെയും കയറ്റുമതി നിയന്ത്രണങ്ങൾ ഭാഗികമായി ഒഴിവാക്കിയതും ആഭ്യന്തര വിപണിയിൽ വില കൂടാൻ ഇടയാക്കി.

വിലക്കയറ്റം പിടിച്ചുനിർത്തുന്നതിൻറെ ഭാഗമായി വിപണിയിലെ പണലഭ്യത കുറയ്ക്കാൻ റിസർവ് ബാങ്ക് മുഖ്യ പലിശ നിരക്ക് വീണ്ടും ഉയർത്താൻ നിർബന്ധിതരാകുമെന്ന് അനലിസ്റ്റുകൾ പറയുന്നു. രണ്ട് വർഷം മുൻപ് വിലക്കയറ്റം അതിരൂക്ഷമായതോടെയാണ് റിസർവ് ബാങ്ക് മുഖ്യ പലിശ നിരക്ക് തുടർച്ചയായി വർധിപ്പിക്കാൻ തുടങ്ങിയത്. ഇക്കാലയളവിൽ റിസർവ് ബാങ്കിൽ നിന്നും വാണിജ്യ ബാങ്കുകൾ വാങ്ങുന്ന വായ്പകളുടെ പലിശയായ റിപ്പോ നിരക്ക് 2.5 ശതമാനം വർധിപ്പിച്ച് 6.5 ശതമാനമാക്കിയിരുന്നു. എന്നാൽ കഴിഞ്ഞ വർഷം ഫെബ്രുവരി മാസത്തിന് ശേഷം പലിശ നിരക്കിൽ ഇതുവരെ മാറ്റം വരുത്തിയിട്ടില്ല.

രാജ്യത്തെ പ്രധാന കാർഷിക മേഖലകളിൽ മഴ ലഭ്യത ഗണ്യമായി കുറഞ്ഞതും ഉഷ്ണക്കാറ്റും നടപ്പു സീസണിൽ വിവിധ കാർഷിക ഉത്പന്നങ്ങളുടെ ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നതാണ് പുതിയ വെല്ലുവിളി സൃഷ്ടിക്കുന്നത്. വിളവെടുപ്പ് സീസൺ ആരംഭിച്ചിട്ടും ഭക്ഷ്യ ഉത്പന്നങ്ങളുടെ വില ഉയർന്ന തലത്തിൽ തുടരുന്നതാണ് സർക്കാരിനെയും റിസർവ് ബാങ്കിനെയും മുൾമുനയിലാക്കുന്നത്.

ഉള്ളി ഉൾപ്പെടെയുള്ളവയുടെ കയറ്റുമതിക്ക് ഇളവുകൾ നൽകാൻ സർക്കാർ നിർബന്ധിതരായതോടെ വില വീണ്ടും മുകളിലേക്ക് നീങ്ങുമെന്ന ആശങ്ക ശക്തമാണ്. പെട്രോൾ മിശ്രിതമാക്കാൻ വലിയ തോതിൽ എത്തനോൾ ഉപയോഗിക്കുന്നതിനാൽ പഞ്ചസാര വിലയും കൂടുകയാണ്. കഴിഞ്ഞ മാസം മൊത്ത വിലയും ഉപഭോക്തൃ വിലയും അടിസ്ഥാനമായുള്ള നാണയപ്പെരുപ്പം റിസർവ് ബാങ്കിൻറെ ലക്ഷ്യമായ നാല് ശതമാനത്തിനും മുകളിലായതിനാൽ ധന നിയന്ത്രണ നടപടികളിൽ മാറ്റം വരുത്തുമെന്നാണ് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നത്.



# രാജ്യാന്തര ഫർണിച്ചർ എക്സ്പോ നാളെ മുതൽ

കൊച്ചി: ഫർണിച്ചർ മാനുഫാക്ച്ചറേഴ്സ് ആൻഡ് മാർച്ചന്റ്സ് വെൽഫെയർ അസോസിയേഷൻ (ഫ്യുമ്മ) സംഘടിപ്പിക്കുന്ന രാജ്യാന്തര ഫർണിച്ചർ എക്സ്പോ ഫിഫെക്സ് 2024 അങ്കമാലി അഡ്‌ലക്സ് കൺവൻഷൻ സെന്ററിൽ മെയ് 4,5,6 തീയതികളിൽ നടക്കും. നാലിന് രാവിലെ 10.30 ന് വ്യവസായ മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും. ഫ്യുമ്മ സംഘടിപ്പിക്കുന്ന അഞ്ചാമത് ഫർണിച്ചർ എക്സ്പൊയാണിത്.ഫർണിച്ചർ മേഖലയിലെ ആഗോള ട്രെൻഡുകൾ, നൂതന ഉത്പന്നങ്ങൾ, പുതിയ ഡിസൈനുകൾ എന്നിവ മേളയിൽ പ്രദർശിപ്പിക്കും. ഫർണിച്ചർ മേഖലയിലെ പ്രമുഖർ, പ്രമുഖ ഫർണിച്ചർ നിർമാതാക്കൾ എന്നിവരുമായി വാണിജ്യ കൂടികാഴ്ചകൾക്ക് അവസരമുണ്ടാകും. ഫർണിച്ചർ മേഖലയിലെ സംരംഭകർക്കായി സംഘടിപ്പിക്കുന്ന ബി ടു ബി മേളയിൽ പൊതുജനങ്ങൾക്ക് പ്രവേശനമുണ്ടാകില്ല. മുന്നൂറിലേറെ പ്രമുഖ ഫർണിച്ചർ ബ്രാൻഡുകളുടെ സാന്നിധ്യം എക്സ്പോയിലുണ്ടാകുമെന്ന് ഫ്യുമ്മ സംസ്ഥാന പ്രസിഡന്റ് ടോമി പുലിക്കാട്ടിൽ അറിയിച്ചു.

# ബൗദ്ധിക സ്വത്തവകാശം: തദ്ദേശീയരുടെ പരമ്പരാഗത അറിവുകൾക്ക് പരിഗണന നൽകണം

**കൊച്ചി**: ബൗദ്ധിക സ്വത്തവകാശത്തിൽ തദ്ദേശീയരുടെ പരമ്പരാഗത അറിവുകൾക്ക് അർഹമായ പരിഗണന നൽകണമെന്ന് ശിൽപശാല. ഇത്തരം അറിവുകളുടെ പ്രയോഗത്തിൽ തദ്ദേശീയരുടെ ഉടമസ്ഥാവകാശം പൂർണമായി അംഗീകരിക്കുന്നവിധം ബൗദ്ധിക സ്വത്തവകാശ സംവിധാനം കുറ്റമറ്റതാക്കണമെന്നും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) നടത്തിയ ശിൽപശാല നിർദേശിച്ചു. ജനിതകവിഭവങ്ങളും ബൗദ്ധിക സ്വത്തവകാശവും എന്ന വിഷയത്തിലായിരുന്നു ശിൽപശാല.തദ്ദേശീയരും പ്രാദേശിക സമൂഹങ്ങളും അവരുടെ ഉപജീവനത്തിനായി ആശ്രയിക്കുന്നത് ജനിതകവിഭവങ്ങളാണ്. ലോകജനസംഖ്യയുടെ 75 ശതമാനവും പ്രാഥമികാരോഗ്യ സംരക്ഷണത്തിനായി സസ്യാധിഷ്ഠിത പരമ്പരാഗത ചികിത്സകളെയാണ് ആശ്രയിക്കുന്നത്. എന്നാൽ ഇതിൽ നിന്നുണ്ടാകുന്ന നേട്ടം ചെറുകിട തോട്ടക്കാർ, മത്സ്യത്തൊഴിലാളികൾ, വനവാസികൾ എന്നിവരുൾപ്പെടുന്ന തദ്ദേശീയജനതക്ക് കൂടി അവകാശപ്പെട്ടതാണെന്ന് ശിൽപശാല വിലയിരുത്തി.

കൊച്ചി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഐപിആർ സ്റ്റഡീസിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ.കവിത ചാലക്കൽ പ്രബന്ധം അവതരിപ്പിച്ചു. സിഎംഎഫ്ആർഐ !ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ഡോ കാജൽ ചക്രബർത്തി, ഡോ സൈമ റെഹ്മാൻ എന്നിവർ പ്രസംഗിച്ചു. സിഎംഎഫ്ആർഐയിലെ ഇൻസ്റ്റിറ്റ്യൂട്ട് ടെക്നോളജി മാനേജ്മെന്റ് യൂണിറ്റാണ് ശിൽപശാല സംഘടിപ്പിച്ചത്.

# 1383 കോടി ബോണസ് പ്രഖ്യാപിച്ച് ബജാജ് അലയൻസ് ലൈഫ്

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ സ്വകാര്യ ഇൻഷുറൻസ് കമ്പനികളിലൊന്നായ ബജാജ് അലയൻസ് ലൈഫ് തുടർച്ചയായി 23ാം വർഷവും ബോണസ് പ്രഖ്യാപിച്ചു. കമ്പനിയുടെ പങ്കാളിത്ത ഉൽപ്പന്നങ്ങളിൽ നിക്ഷേപിച്ച 11.66 ലക്ഷത്തിലധികം പോളിസി ഉടമകൾക്ക് 1383 കോടി രൂപയാണ് ബോണസ് നൽകുന്നത്. കമ്പനിയുടെ എക്കാലത്തെയും ഉയർന്ന ബോണസ് പ്രഖ്യാപനമാണിത്.2024 മാർച്ച് 31 മുതൽ പ്രാബല്യത്തിലുള്ള എല്ലാ പങ്കാളിത്ത പോളിസികൾക്കും ഈ ബോണസ് ലഭിക്കാൻ അർഹതയുണ്ട്. ബജാജ് അലയൻസ് ലൈഫ് ഫ്ളക്സി ഇൻകം ഗോൾ, ബജാജ് അലയൻസ് എലൈറ്റ് അഷ്വർ, ബജാജ് അലയൻസ് ലൈഫ് എയ്സ് തുടങ്ങിയ പങ്കാളിത്ത ഉൽപ്പന്നങ്ങളുടെ പോളിസി ഹോൾഡർമാർക്ക് പ്രഖ്യാപിച്ച ബോണസിൽ നിന്ന് പ്രയോജനം ലഭിക്കും.

2023 സാമ്പത്തിക വർഷത്തിലെ ബോണസായ 1201 കോടിയിൽ നിന്നും 15% വർധനവാണ് 2024 സാമ്പത്തിക വർഷത്തിലുള്ളത്.ണ്ട് ദശാബ്ദക്കാലത്തെ ഞങ്ങളുടെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന ബോണസുകളിലൊന്ന് പ്രഖ്യാപിക്കുന്നതിൽ സന്തോഷമുണ്ട്. ദീർഘകാല ജീവിത ലക്ഷ്യങ്ങൾ പ്രാപ്തമാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്റെ പ്രതിഫലനമാണിതെന്ന് ബജാജ് അലയൻസ് ലൈഫ് ഇൻഷുറൻസ് എംഡിയും സിഇഒയുമായ തരുൺ ചുഗ് പറഞ്ഞു.

ഓരോ സാമ്പത്തിക വർഷത്തിലും പ്രഖ്യാപിച്ച ബോണസുകൾ പോളിസി മെച്യൂരിറ്റി അല്ലെങ്കിൽ എക്സിറ്റ് ചെയ്യുമ്പോൾ ശേഖരിക്കപ്പെടുകയും വിതരണം ചെയ്യുകയും ചെയ്യുന്നു. കൂടാതെ പോളിസി വ്യവസ്ഥകൾക്ക് അനുസൃതമായി നിർദ്ദിഷ്ട പോളിസി ഇവന്റുകൾക്ക് ക്യാഷ് ബോണസ് നൽകും.



# കുടുംബങ്ങൾക്ക് സഭ സാന്നിധ്യത്തിന്റെ കൂദാശയാകണം: മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ

**കാക്കനാട്:** കുടുംബങ്ങളുടെ കെട്ടുറപ്പും കൂട്ടായ്മയുമാകുന്ന വീഞ്ഞ് കുറഞ്ഞു പോകുമ്പോൾ സാന്ത്വനവും പരിഹാരവും നൽകുന്ന സാന്നിധ്യമായി സഭയുടെ കുടുംബ ശുശ്രൂഷകർ മാറണമെന്ന് സീറോമലബാർസഭ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന കുടുംബ പ്രേഷിതത്വം, മാതൃവേദി, കുടുംബ കൂട്ടായ്മ, പ്രോലൈഫ് എന്നീ വകുപ്പുകളുടെ രൂപതാ ഡയറക്റ്റർമാരുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കുടുംബത്തിനും അല്മായർക്കും ജീവനും വേണ്ടിയുള്ള സഭാകമ്മീഷന്റെ ആഭിമുഖ്യത്തിലാണ് സമ്മേളനം സംഘടിപ്പിക്കപ്പെട്ടത്. സങ്കടങ്ങളിലും പ്രതിസന്ധികളിലും ആയിരിക്കുന്ന കുടുംബാംഗങ്ങളുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കാൻ നമുക്ക് സാധിക്കണമെന്നും കാനായിലെ കല്യാണ വിരുന്നിൽ ഈശോയുടെയും പരിശുദ്ധ അമ്മയുടെയും ശ്ലീഹന്മാരുടെയും സാന്നിധ്യം ഉണ്ടായിരുന്നതുപോലെ കുടുംബങ്ങൾക്ക് സ്വർഗീയ സാന്നിധ്യം പകരാൻ കുടുംബ പ്രേഷിതർ ശ്രമിക്കണമെന്നും മേജർ ആർച്ച്ബിഷപ് കൂട്ടിച്ചേർത്തു.അപ്പസ്തോലന്മാരുടെ ദൗത്യമാണ് കുടുംബ പ്രേഷിതരുടേതെന്ന് സമ്മേളനത്തിന് അധ്യക്ഷത വഹിച്ച കമ്മീഷൻ ചെയർമാൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഓർമിപ്പിച്ചു. ആയുധമല്ല ആൾബലമാണ് സഭയുടെയും സമൂഹത്തിന്റെയും സമ്പത്തെന്നും ജനസംഖ്യാപരമായ ഇടിവ് ഉണ്ടാകുമ്പോൾ പരിഹാര മാർഗങ്ങൾ തേടേണ്ടത് ആവശ്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കമ്മീഷൻ അംഗം മാർ ജോസ് പുളിക്കൽ , സിബിസിഐ അൽമായ കൗൺസിൽ സെക്രട്ടറി ഷെവലിയർ വി.സി. സെബാസ്റ്റ്യൻ, കമ്മീഷൻ ജനറൽ സെക്രട്ടറി ഫാ. ജോബി ആന്റണി മൂലയിൽ എന്നിവർ പ്രസംഗിച്ചു.

കമ്മീഷൻ എക്സിക്യൂട്ടിവ് അംഗങ്ങളായ ഫാ. ഫിലിപ്പ് കവിയിൽ, ഫാ. മാത്യു ഓലിക്കൽ, ഫാ. ഡെന്നി താണിക്കൽ, ഫാ. ലോറൻസ് തൈക്കാട്ടിൽ, സാബു ജോസ്, ഡെയ്സൺ പാണേങ്ങാടൻ, ബീന ജോഷി, ആൻസി ചേന്നോത്ത്, ടോണി ചിറ്റിലപ്പള്ളി എന്നിവർ നേതൃത്വം നൽകി.

# ഫോർച്യൂണർ ലീഡർ എഡിഷൻ ലോഞ്ച് പ്രഖ്യാപിച്ച് ടൊയോട്ട

**കൊച്ചി:** എസ്.യു.വി സെഗ്മെന്റിലെ ഏറ്റവും കൂടുതൽ ആരാധകരുള്ള ടൊയോട്ട ഫോർച്യൂണറിന്റെ വിജയം ആഘോഷിക്കാൻ ടൊയോട്ട കിർലോസ്കർ മോട്ടോർ ഇന്ത്യൻ വിപണിയിൽ ഫോർച്യൂണറിന്റെ ലീഡർ എഡിഷൻ പുറത്തിറക്കി. പ്രശസ്തമായ ഫീച്ചറുകളെ അടിസ്ഥാനമാക്കി നിരവധി ആഡ് ഓൺ ഫീച്ചറുകളുള്ള സവിശേഷമായ ഡിസൈനാണ് ഫോർച്യൂണർ ലീഡർ എഡിഷൻ അവതരിപ്പിച്ചിരിക്കുന്നത്.




വൈവിധ്യമാർന്ന സ്റ്റൈൽ എലമെന്റുകളാൽ വേറിട്ടുനിൽക്കുന്നതാണ് ഫോർച്യൂണർ ലീഡർ എഡിഷൻ. ഫോർച്യൂണർ ലീഡർ എഡിഷന്റെ പ്രധാന ഹൈലൈറ്റുകളിലൊന്ന് 'കറുപ്പ്, വെളുപ്പ്, വ്യക്തത' എന്നിങ്ങനെ ഒരു പാലറ്റിൽ ലഭ്യമാകുന്ന അതിന്റെ പ്രമുഖ ഡ്യുവൽ ടോൺ എക്സ്റ്റീരിയറാണ്. ഡ്രൈവിങ്ങ് അനുഭവം പുതിയ ഉയരങ്ങളിലേക്ക് ഉയർത്തുന്ന സമാനതകളില്ലാത്ത സുഖവും ചാരുതയും പ്രദാനം ചെയ്യുന്ന ഡ്യുവൽ ടോൺ സീറ്റുകളാണ് ഈ വാഹനത്തിനുള്ളത്.

ഫോർച്യൂണർ ലീഡർ എഡിഷൻ അതിന്റെ മികച്ച സ്റ്റൈലിങ്ങിന് പുറമേ സൗകര്യവും സുരക്ഷയും കണക്റ്റിവിറ്റിയും വർധിപ്പിക്കുന്നതിന് രൂപകൽപ്പന ചെയ്തിട്ടുള്ള വിപുലമായ ഫീച്ചറുകളാൽ സജ്ജീകരിച്ചിരിക്കുന്നു. മാത്രമല്ല ഫോർച്യൂണർ ലീഡർ എഡിഷൻ കറുത്ത അലോയ് വീലുകളുമായാണ് വരുന്നത്. ഈ ചക്രങ്ങൾ വാഹനത്തിന്റെ സൗന്ദര്യാത്മകത വർധിപ്പിക്കുക മാത്രമല്ല, റോഡിലെ ഒരു യഥാർത്ഥ ലീഡർ എന്ന നിലയിൽ ഉയർന്നു നിൽക്കുകയും ചെയ്യുന്നു. വാഹനത്തിന്റെ ബാഹ്യ ആകർഷണം വർധിപ്പിക്കുന്നതിനായി റിയർ ആൻഡ് ഫ്രണ്ട് ബംപർ സ്പോയ്‌ലർ ഉൾപ്പടെയുള്ള ടിടിഐപിഎൽ വികസിപ്പിച്ച ചില ആക്സസറികൾ അംഗീകൃത ഡീലർമാർ ഇൻസ്റ്റാൾ ചെയ്യും. ബോൾഡ് എക്സ്റ്റീരിയർ ഡിസൈൻ, കണ്ണഞ്ചിപ്പിക്കുന്നതും സൗകര്യപ്രദവുമായ ഇന്റീരിയർ, നൂതന ഹൈടെക് ഫീച്ചറുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന ഫോർച്യൂണർ ലീഡർ എഡിഷനിലൂടെ ഞങ്ങൾ എസ്.യു.വി പ്രേമികളെ ആവേശം കൊള്ളിക്കുന്നത് തുടരുമെന്ന് ടൊയോട്ട കിർലോസ്കർ മോട്ടോർ സെയിൽസ്സർവീസ് യൂസ്ഡ് കാർ ബിസിനസ് വൈസ് പ്രസിഡന്റ് ശബരി മനോഹർ പറഞ്ഞു. ടൊയോട്ട ഇന്ത്യയുടെ ഔദ്യോഗിക വെബ്സൈറ്റ് വഴി ഓൺലൈനായോ അടുത്തുള്ള ടൊയോട്ട ഡീലർഷിപ്പ് സന്ദർശിച്ചോ ഫോർച്യൂണർ ലീഡർ എഡിഷൻ ബുക്ക് ചെയ്യാം.



# പ്രവാസികൾക്ക് നിയമസഹായത്തിനായി നീതിമേള

**കൊച്ചി:** പ്രവാസികളായ മലയാളികൾക്ക് നിയമസഹായം നൽകുന്നതിനായി ഇന്ത്യൻ ലീഗൽ സർവീസ് സൊസൈറ്റിയും വിവിധ മലയാളി സംഘടനകളും ചേർന്ന് നീതിമേള സംഘടിപ്പിക്കുന്നു. മെയ് 25ന് മുമ്പായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. സർക്കാർതലത്തിൽ അപേക്ഷകൾ നൽകി തൃപ്തികരമായ നടപടി ഇല്ലാതെ വന്നാൽ ബന്ധപ്പെട്ട വകുപ്പുകളുടെ ഓഫീസുകൾ, സെക്രട്ടറിയേറ്റിലെ മുഖ്യമന്ത്രിയുടെ പരാതി പരിഹാര വിഭാഗം, നോർക്ക എന്നിവയുമായി ബന്ധപ്പെട്ടാണ് പരിഹാര നടപടികൾ സ്വീകരിക്കുന്നത്. അനധികൃത റിക്രൂട്ട്മെന്റ് സാമ്പത്തികമായ കബളിപ്പിക്കലുകൾ തുടങ്ങിയവ പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസ്, ഡിജിപി, എൻ ആർ ഐ, പോലീസ് സെൽ എന്നിവയ്ക്ക് കൈമാറുന്നതാണ് കോടതിയിൽ പോകാതെ തന്നെയുള്ള പരിഹാരമാർഗ്ഗങ്ങളാണ് നീതി മേളയിലൂടെ ലക്ഷ്യമിടുന്നത്.

പരിഹാര നടപടികൾക്ക് ആവശ്യമായ നിയമ സഹായങ്ങൾ, ഗൈഡൻസ് എന്നിവ നാട്ടിലും വിദേശത്തുമുള്ള അഭിഭാഷകർ സാമൂഹ്യ പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ നൽകുന്നു, മറ്റു തർക്കങ്ങളും പ്രശ്നങ്ങളും പരിഹരിക്കാൻ ഓരോ താലൂക്കിലുമുള്ള കോടതികളോട് ചേർന്ന് പ്രവർത്തിക്കുന്ന അദാലത്തുകൾ, പെർമനന്റ് ലോക് അദാലത്ത് എന്നിവയ്ക്ക് കൈമാറുന്നു കൂടാതെ പ്രവാസി കമ്മീഷൻ, എൻആർഐ വിമൻസ് സെൽ കേന്ദ്രസർക്കാരിന്റെ കീഴിലുള്ള പ്രവാസി ഭാരതീയ സഹായകേന്ദ്ര പബ്ലിക് ഗ്രീവൻസ് പോർട്ടൽ എന്നിവ മുഖേന മറ്റു പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കുന്നു.

ലീഗൽ സർവീസ് അതോറിറ്റിക്ക് കീഴിലായി ജില്ലാ കോടതികളിലും ഹൈക്കോടതിയിലും സൗജന്യ നിയമസഹായ കേന്ദ്രങ്ങൾ ഉണ്ട്. ആദ്യഘട്ടത്തിൽ യുഎഇയിൽ താമസിക്കുന്നവർക്കും മടങ്ങി വന്നവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും നീതിമേളയിൽ പരാതി സമർപ്പിക്കാം. ഇന്ത്യൻ എംബസികൾ മുഖേന ലഭിക്കേണ്ട സേവനങ്ങളെ സംബന്ധിച്ചും ഗൈഡൻസും ആവശ്യമായ സഹായങ്ങളും നൽകുന്നുണ്ട്.

അതോടൊപ്പം വിവാഹ, സ്വത്തു തർക്കങ്ങൾ എന്നിവകളിൽ മീഡിയേഷൻ നടത്തുവാനും ആവശ്യമായ നിയമോപദേശങ്ങളും സഹായങ്ങളും നൽകുന്നു.

# പ്രൈവറ്റ് ട്രെയിൻ ടൂർ പാക്കേജുമായി പ്രിൻസി വേൾഡ് ട്രാവൽ

**കൊച്ചി:** ഇന്ത്യയുടെ മഹത്തായ സാംസ്കാരിക പൈതൃകവും ചരിത്ര സ്ഥലങ്ങളും കാണുന്നതിനായി വിനോദസഞ്ചാരികൾക്കായി ഇന്ത്യൻ റെയിൽവേ അവതരിപ്പിച്ച ഭാരത് ഗൗരവ് യാത്രയിൽ ഉൾപ്പെടുത്തി കേരളത്തിലെ ആദ്യ പ്രൈവറ്റ് ട്രെയിൻ ടൂർ പാക്കേജ് ഒരുക്കി കൊച്ചി ആസ്ഥാനമായ പ്രിൻസി വേൾഡ് ട്രാവൽ പ്രൈവറ്റ് ലിമിറ്റഡ്. കേരളത്തിൽ നിന്ന് ഗോവ, മുംബൈ, അയോദ്ധ്യ എന്നിവിടങ്ങളിലേക്കാണ് വിവിധ ടൂർ പാക്കേജുകൾ ഒരുക്കിയിട്ടുള്ളത്. ഇതാദ്യമായാണ് കേരളത്തിൽ നിന്ന് ഒരു പ്രൈവറ്റ് ട്രെയിൻ വിനോദസഞ്ചാരികൾക്കായി ഒരുങ്ങുന്നതെന്ന് പ്രിൻസി വേൾഡ് ട്രാവൽ മാനേജിങ് ഡയറക്ടർ ഇ. എക്സ്. ബേബി തോമസ് വാർത്താ സ്മേളനത്തിൽ പറഞ്ഞു.ചെന്നൈ ആസ്ഥാനമായ എസ്ആർഎംപിആർ ഗ്രൂപ്പുമായി സഹകരിച്ചാണ് ടൂർ പാക്കേജുകൾ ഒരുക്കുന്നത്.ഭാരത് ഗൗരവ് ഉൾപ്പെടുത്തി നടത്തുന്ന പ്രഥമ പാക്കേജിന്റെ ആദ്യ യാത്ര ജൂൺ നാലിന് തിരുവന്തപുരത്ത് നിന്നും മഡ്ഗാവിലേക്ക് ആരംഭിക്കും. നാല് ദിവസമാണ് ടൂർ ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വാർത്താ സമ്മേളനത്തിൽ പങ്കെടുത്ത പ്രിൻസി വേൾഡ് ട്രാവൽ പ്രൈവറ്റ് ലിമിറ്റഡ് ഡയറക്ടർ ഡോ. ദേവിക മേനോൻ പറഞ്ഞു.ഗോവയിലെ പ്രീമിയം ഹോട്ടലുകളിൽ രണ്ട് രാത്രി മികച്ച താമസസൗകര്യത്തിന് പുറമെ, വിനോദസഞ്ചാരികൾക്ക് മഡ്ഗാവിൽ നഗരയാത്രയും ആസ്വദിക്കാം. യാത്രികർക്ക് ഗോവ അവരുടെ ഇഷ്ടാനുസരണം ആസ്വദിക്കാൻ കഴിയും. കാസിനോകൾ, ബോട്ട് ക്രൂയിസ് പാർട്ടികൾ, ഡി ജെ പാർട്ടികൾ, ഗോവൻ തെരുവുകളിലൂടെയുള്ള യാത്ര ഭക്ഷണം എന്നിവയൊക്കെ യാത്രികരുടെ ഇഷ്ടാനുസരണം ആസ്വദിക്കാൻ കഴിയും.പരിശീലനം ലഭിച്ച



പാരാമെഡിക്കൽ സ്റ്റാഫിൻറെ സേവനം സദാസമയം ഉണ്ടാകും. 24 മണിക്കൂറും പ്രവർത്തിക്കുന്ന എമർജൻസി റെസ്പോൺസ് ടീം, യാത്രികർക്ക് സൗജന്യ യാത്രാ ഇൻഷുറൻസും ഉണ്ടായിരിക്കും. ട്രെയിനിൽ ജിപിഎസ് ട്രാക്കിംഗ് സിസ്റ്റം, ലൈവ് സിസിടിവി, വൃത്തിയും സൗകര്യവുമുള്ള ടോയ്ലറ്റുകൾ, ലാ കാർട്ടെ ഡൈനിംഗ്, ടൈലേർഡ് ബെഡ്ഡിംഗ്, ഓൺബോർഡ് ഫുഡ് ട്രോളി എന്നിവയും യാത്രയുടെ ഭാഗമായി ഉണ്ടാകുമെന്ന് പ്രിൻസി റെയ്ൽസ് ടൂർ പാർട്ണർ മിജു സി മൊയ്ദു പറഞ്ഞു.

# ഗുവാഹാത്തിയിൽ ടാറ്റയുടെ സ്പെയർ പാർട്സ് വെയർഹൗസ്

**കൊച്ചി:** വാണിജ്യ വാഹന നിർമ്മാതാക്കളായ ടാറ്റ മോട്ടോഴ്സ്, ഗുവാഹാത്തിയിൽ പുതിയ വാണിജ്യ വാഹന സ്പെയർ പാർട്സ് വെയർഹൗസ് ഉദ്ഘാടനം ചെയ്തു. ഒരു ലക്ഷം ചതുരശ്ര അടി വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന ഈ വെയർഹൗസ്, കമ്പനിയുടെ മുഴുവൻ വാണിജ്യ വാഹന പോർട്ട്ഫോളിയയ്ക്കും ആവശ്യമായ സ്പെയർ പാർട്സ് സംഭരിക്കാൻ ശേഷിയുള്ളതാണ്. പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്തിരിക്കുന്ന വെയർഹൗസിൽ നിന്ന് വടക്കുകിഴക്കൻ മേഖലയിലെ ടാറ്റയുടെ അംഗീകൃത സർവീസ് സ്റ്റേഷനുകളിലേക്ക് സ്പെയർ പാർട്സ് വേഗത്തിലും കാര്യക്ഷമമായും വിതരണം ചെയ്യാൻ സാധിക്കും. ലോകോത്തര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങളും സുരക്ഷാ മാനദണ്ഡങ്ങളുമാണ് വെയർഹൗസിൽ സജ്ജീകരിച്ചിരിക്കുന്നതെന്ന് കമ്പനി അധികൃതർ പറഞ്ഞു. കൂടാതെ ഇതിലെ ഡിജിറ്റലൈസ് ചെയ്തിരിക്കുന്ന പ്രവർത്തന രീതികൾ മികച്ച ഉപഭോക്തൃ മൂല്യവും നൽകുന്നു. വെയർഹൗസിംഗ് സാങ്കേതിക വിദ്യയ്ക്കും ചരക്ക് നീക്കത്തിനുമായി ഇന്ത്യയിലെ ഏറ്റവും വലിയ ഫുള്ളി ഇന്റഗ്രേറ്റഡ് ലോജിസ്റ്റിക്സ് ദാതാവായ ഡെൽഹിവെറിയുമായി ടാറ്റ മോട്ടോഴ്സ് പങ്കാളിത്തം ഒപ്പ് വച്ചു കഴിഞ്ഞു. ഗ്രാവിറ്റി സ്പൈറൽ, വെർട്ടിക്കൽ റെസിപ്രോക്കേറ്റിംഗ് കൺവെയറുകൾ തുടങ്ങി വിവിധ ആവശ്യങ്ങൾക്കനുസരിച്ചുള്ള അത്യാധുനിക സ്റ്റോറേജ് സംവിധാനങ്ങളും മീഡിയം, ഹെവി വെഹിക്കിൾ ബോഡി ഭാഗങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക ഏരിയയും വെയർഹൗസിലുണ്ട്.

# മറൈൻ ഡ്രൈവിൽ മാംഗോ ഫെസ്റ്റ് ഇന്ന് മുതൽ

**കൊച്ചി:** ഗ്രീൻ എർത്ത് ഫാം സൊസൈറ്റി സംഘടിപ്പിക്കുന്ന പത്താമത് കൊച്ചി ഇന്റർനാഷണൽ മാംഗോ ഫെസ്റ്റ് ഇന്നുമുതൽ മാസം 19 വരെ എറണാകുളം മറൈൻഡ്രൈവിൽ നടക്കും. ഇന്നു വൈകുന്നേരം അഞ്ചിന് ചലച്ചിത്ര, ടിവി താരം ഷിയാസ് കരീം മേള ഉദ്ഘാടനം ചെയ്യും. വിവിധ രാജ്യങ്ങളിൽ നിന്നുള്ള നൂറു കണക്കിന് വ്യത്യസ്ത ഇനങ്ങളിൽപ്പെട്ട മാമ്പഴങ്ങളുടെ പ്രദർശനവും വിൽപ്പനയും മേളയിൽ ഉണ്ടായിരിക്കുന്നതാണെന്ന് സംഘാടകർ അറിയിച്ചു. ഇന്ത്യൻ മാമ്പഴങ്ങളുടെ നീണ്ട നിര തന്നെ മേളയിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ വിവിധ ജില്ലകളിൽ നിന്നുള്ള കുടുംബശ്രീ പ്രവർത്തകർ വ്യത്യസ്ത രുചിക്കൂട്ടുകളുമായി ഒരുക്കുന്ന ഫുഡ് കോർട്ടും പ്രമുഖ കലാകാരന്മാർ പങ്കെടുക്കുന്ന കലാപരിപാടികളും മാംഗോ ഫെസ്റ്റിൽ ഉണ്ട്. ഉച്ചയ്ക്ക് രണ്ടു മുതൽ രാത്രി 10 വരെയാണ് പ്രദർശന സമയം. അവധി ദിവസങ്ങളിൽ രാവിലെ 11 മുതൽ രാത്രി  മണി വരെയാണ് പ്രദർശനമെന്നും സംഘാടകർ അറിയിച്ചു.






## മെയ് ദിനറാലിയും സെമിനാറും നടത്തി

**കൊച്ചി:** ഓൾ കേരള ടെയ്ലേഴ്സ് അസ്സോസിയേഷൻ ( എ കെ ടി എ ) എറണാകുളം ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ തൊഴിലാളി ദിനത്തിൽ മെയ്ദിന റാലിയും സെമിനാറും നടത്തി. ജില്ലാ പ്രസിഡന്റ് ടി ആർ നളിനാക്ഷന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജില്ലാ സെക്രട്ടറി എ എസ് കുട്ടപ്പൻ സെമിനാർ ഉദ്ഘാടനം ചെയ്തു. തയ്യൽ തൊഴിലാളികളുടെ വെട്ടികുറച്ച റിട്ടയർമെന്റ് തുക പുനഃസ്ഥാപിക്കണമെന്നും, പ്രസവ ധന സഹായം 15000 രൂപ ഒറ്റ തവണയായി കൊടുക്കണമെന്നും, മിനിമം പെൻഷൻ 5000 രൂപയാക്കി വർധിപ്പിക്കണമെന്നും, നിതേ്യാപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കണമെന്നും, പെൻഷൻ കുടിശിക ഉടൻ തീർത്ത് നൽകണമെന്നും യോഗം ആവശ്യപ്പെട്ടു. ജില്ലാ ട്രഷറർ ഷീല മത്തായി, അബ്ദുൽ റസാക്ക്, കെ എ ബാബു, എ കെ അശോകൻ, ജോസ് തോട്ടപ്പള്ളി, എം എസ് ഉണ്ണികൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

## ടിറയുടെ നെയിൽസ് ഔർ വേ




**മുംബൈ:** റിലയൻസ് റീട്ടെയിലിന്റെ ടിറ ബ്യൂട്ടി പുതിയ സ്വകാര്യ ലേബൽ ബ്രാൻഡായ 'നെയിൽസ് ഔവർ വേ' ലോഞ്ച് ചെയ്തു. പ്രീമിയം നെയിൽ കളർ, കെയർ ഉൽപ്പന്നങ്ങൾ എന്നിവയുടെ വിപുലമായ ഒരു ശ്രേണി 'നെയിൽസ് ഔവർ വേ'അവതരിപ്പിക്കുന്നു.വൈവിധ്യമാർന്ന വർണ്ണ പാലറ്റുകളിൽ വരുന്ന നെയിൽ കളറുകൾക്കൊപ്പം നോ ബമ്പ് ബേസ്, ക്യൂട്ടി കെയർ, ടഫൻ അപ്പ് സൊല്യൂഷനുകൾ എന്നിവയുൾപ്പെടെ അവശ്യ നഖ സംരക്ഷണ ഉൽപ്പന്നങ്ങൾ നെയിൽസ് അവർ വേ വാഗ്ദാനം ചെയ്യുന്നു.സമ്പൂർണ്ണ മാനിക്യൂർ സൊല്യൂഷൻ അന്വേഷിക്കുന്നവർക്ക്, ഫ്രഞ്ച് 'എം അപ്പ്, നെയിൽഡ് ഇറ്റ് പോലുള്ള സൗകര്യപ്രദമായ കിറ്റുകളും ലഭ്യമാണ്. വീട്ടിൽ തന്നെ ചെയ്യാവുന്ന, പ്രൊഫഷണൽ നിലവാരമുള്ള ഫിനിഷിംഗിന് ആവശ്യമായ എല്ലാ ഉപകരണങ്ങളും നെയിൽസ് അവർ വേ ശ്രേണിയിൽ ലഭ്യമാകുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

## 845 കോടി നേടി സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ്

**കൊച്ചി:** റീട്ടെയിൽ ഹെൽത്ത് ഇൻഷുറൻസിലെ വിപണി മുൻനിരക്കാരായ സ്റ്റാർ ഹെൽത്ത് ആൻഡ് അലൈഡ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് (സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ്) അതിന്റെ നാലാം പാദത്തിലും, 2024 സാമ്പത്തിക വർഷത്തിലും 37% വർദ്ധനയോടെ 845 കോടിയുടെ റെക്കോർഡ് ലാഭം നേടി, 18% വർദ്ധനയോടെ 15,254 കോടി രൂപയായി ഗ്രോസ്സ് റിട്ടൺ പ്രീമിയവും (റിപ്പോർട്ട് ചെയ്തു. 2024 സാമ്പത്തിക വർഷത്തിലെ നികുതിക്ക് ശേഷമുള്ള ലാഭം വാർഷികാടിസ്ഥാനത്തിൽ 40% ഉയർന്ന് 142 കോടി രൂപയിലെത്തി.

ജിഡബ്ള്യുപി വാർഷികാടിസ്ഥാനത്തിൽ 18% വർദ്ധിച്ച് 4,968 കോടി രൂപയായി. സംയോജിത അനുപാതം 2024 സാമ്പത്തിക വർഷത്തിൽ 96.7% ആയിരുന്നു, 2024 സാമ്പത്തിക വർഷം നാലാം പാദത്തിൽ 92.7% ആയിരുന്നു. ക്ലെയിം അനുപാതം 24 സാമ്പത്തിക വർഷത്തിൽ 66.5 ശതമാനവും 2024 സാമ്പത്തിക വർഷം നാലാം പാദത്തിൽ 64.1% ശതമാനവും ആയിരുന്നു.

മാനേജ്മെൻറിൻറെ ചെലവ് അനുപാതം 35% ആയിരിക്കണം എന്ന റെഗുലേറ്ററി ആവശ്യകതയ്ക്കെതിരെ കമ്പനി മാനേജ്മെന്റ് ചെലവ് അനുപാതം 30.7% ആയി കുറച്ച് വളർച്ചയ്ക്ക് അവസരമൊരുക്കി.




## കേരളത്തിലെ ആദ്യ സർക്കാരിതര കാമ്പസ് വ്യവസായപാർക്ക് ആരംഭിച്ച് ജെൻ റോബോട്ടിക്സ്

**കൊച്ചി:** കേരളത്തിൽ നിന്നുള്ള റോബോട്ടിക്സ് സ്റ്റാർട്ടപ്പായ ജെൻ റോബോട്ടിക്സ് സംസ്ഥാനത്തെ ആദ്യ സർക്കാരിതര കാമ്പസ് വ്യവസായപാർക്ക് ആരംഭിച്ചു. മുവാറ്റുപുഴ ഇലാഹിയ കോളേജ് ഓഫ് എൻജിനീയറിംഗ് ആൻഡ് ടെക്നോളജിയിലാണ്(ഐസിഇടി) പാർക്ക് ആരംഭിച്ചത്. സംസ്ഥാനസർക്കാരിൻറെ പുതിയ പദ്ധതിയായ കാമ്പസുകളിൽ വ്യവസായപാർക്കെന്ന ആശയത്തിൻറെ ഭാഗമായാണ് പാർക്ക് ആരംഭിച്ചത്.

റോബോട്ടിക്സ് സാങ്കേതികവിദ്യയിൽ നിർമ്മിത ബുദ്ധി കൂടുതൽ ഫലവത്തായി സമന്വയിപ്പിക്കാനുള്ള ഗവേഷണങ്ങളാകും അത്യാധുനിക വ്യവസായപാർക്കിൽ ഉണ്ടാവുന്നത്. മൂന്ന് കോടി രൂപ നിക്ഷേപത്തിലാണ് പാർക്ക് തുടങ്ങുന്നത്. ഐസിഇടിയിൽ നടന്ന ചടങ്ങിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ സിഇഒ ടോം തോമസ് വ്യവസായ പാർക്കിൻറെ ഉദ്ഘാടനം നിർവഹിച്ചു. മാലിന്യക്കുഴലുകൾ വൃത്തിയാക്കാനുള്ള ബാൻഡികൂട്ട് എന്ന റോബോട്ടിലൂടെ ലോകപ്രശസ്തമായ കമ്പനിയാണ് ജെൻ റോബോട്ടിക്സ്. രാജ്യത്തെ ഏറ്റവും മികച്ച നിർമ്മിത ബുദ്ധി സ്റ്റാർട്ടപ്പുകളിൽ ആദ്യ നാല് സ്ഥാനങ്ങളിൽ ഇടം പിടിച്ച കമ്പനിയുമാണിത്.

ഹ്യൂമനോയിഡ്, സെമി ഹ്യൂമനോയിഡ് വിഭാഗത്തിൽപ്പെടുന്ന റോബോട്ടുകളുടെ വികസനം, നൂതനാശയങ്ങളുടെ വാണിജ്യവത്കരണം, നിർമ്മിത ബുദ്ധിയെ സമന്വയിപ്പിക്കൽ എന്നിവയാണ് ജെൻ റോബോട്ടിക്സ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ ആദ്യ ഹ്യൂമനോയിഡ് ഗവേഷണ സ്ഥാപനമാകും ഇത്. ഇൻറേൺഷിപ്പുകൾ, ഗവേഷണം, ജോലി തുടങ്ങിയവ വിദ്യാർത്ഥികൾക്കും പുറത്തുള്ളവർക്കും ഈ വ്യവസായപാർക്കിലൂടെ നൽകാനുദ്ദേശിക്കുന്നു.സംസ്ഥാനത്തെ കോളേജുകളിൽ സാങ്കേതിക ഗവേഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിലേക്കുള്ള ആദ്യ കാൽവയ്പാണ് ഐസിഇടിയുമായുള്ള ഈ സംയുക്ത സംരംഭമെന്ന് നിഖിൽ എൻ പി പറഞ്ഞു.

അക്കാദമിക് ഗവേഷണങ്ങൾ ഹ്യൂമനോയിഡ് റോബോട്ടിക്സിലേക്ക് ജെൻ റോബോട്ടിക്സിൻറെ മേൽനോട്ടത്തിൽ നടത്തുകയാണ് ചെയ്യുന്നത്.കൃത്യമായ ഗവേഷണത്തിലൂടെ റോബോട്ടിക്സിനെയും നിർമ്മിതബുദ്ധിയെയും സമന്വയിപ്പിക്കാനായുള്ള വ്യവസായ പാർക്ക് രാജ്യത്താദ്യമായാണ് സ്ഥാപിക്കുന്നതെന്ന് നിഖിൽ ചൂണ്ടിക്കാട്ടി. മനുഷ്യൻ നേരിടുന്ന പല പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുന്നതിനും റോബോട്ടിക്സിലെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനും വേണ്ടിയാണ് ഈ വ്യവസായ പാർക്ക് പ്രവർത്തിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

## മലയാള കാവ്യസാഹിതി സംസ്ഥാന സമ്മേളനം മെയ് 5 ന് പാലക്കാട്ട്

**കൊച്ചി :**സ്വതന്ത്രകലാസാഹിത്യ സംഘടനയായ മലയാള കാവ്യസാഹിതി സംസ്ഥാനസമ്മേളനം മേയ് 5 ന് പാലക്കാട് ജില്ലാ പഞ്ചായത്ത് ഹാളിൽ നടക്കും . രാവിലെ 9.ന് സാഹിതിഅവതരണഗാനത്തോടെ ആരഭിക്കുന്ന ഉദ്ഘാടന സഭയിൽ അന്തരിച്ച കലാസാഹിത്യപ്രതിഭകൾക്കുള്ള പ്രണാമമായ നാമസ്മരണ തൃശൂർ ജില്ല വൈസ് പ്രസിഡന്റ്

നിർവഹിക്കും .സംസ്ഥാന പ്രസിഡന്റ് കാവാലം അനിൽ അധ്യക്ഷനാകും.നർത്തകി വിനിത നെടുങ്ങാടി സമ്മേളനം ഉദ്ഘാടനം ചെയ്യും . മുതിർന്നഎഴുത്തുകാരൻ ടി കെ . ശങ്കരനാരായണൻ മുഖ്യപ്രഭാഷണവും സാഹിതീയം 2024സപ്ലിമെന്റ് പ്രകാശനവും നടത്തും .11 മണിക്ക് ചേരുന്ന പുസ്തകപ്രകാശനസഭയിൽ കാവ്യസാഹിതി ബുക്സ് പ്രസിദ്ധീകരിച്ച അഞ്ചു പുസ്തകങ്ങൾ പ്രകാശനം ചെയ്യും.സംഘാടക സമിതി അംഗം പ്രൊഫ വി.എ വർഗീസ് അധ്യക്ഷനാകും. ഉദ്ഘാടനവും പുസ്തകപ്രകാശനവും പ്രശസ്ത സാഹിത്യ നിരൂപകൻ എം.കെ ഹരികുമാർ നിർവഹിക്കും. കവി പദ്മദാസ് പുസ്തകങ്ങൾ ഏറ്റുവാങ്ങും.തുടർന്ന് സദാനന്ദപ്പുലവർ അവതരിപ്പിക്കുന്നപാലക്കാടൻ തനതുകലയായ നാടോടിപ്പാട്ടും ഗീത അച്യുതൻ നയിക്കുന്ന തിരുവാതിരയും അരങ്ങേറും .ഉച്ചയ്ക്കുശേഷം മോഹനകുമാർ കണിയാന്തറ അധ്യക്ഷനാകുന്ന കവിയരങ്ങിൽ വിവിധ ജില്ലയിലെ കവികൾ സ്വന്തം രചനകൾ അവതരിപ്പിക്കും. 3.30ന് സമാപന സമ്മേളനം നടക്കും.പാക്കോട് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോൾ ഉദ്ഘാടനം ചെയ്യും. കാവാലം അനിൽ അധ്യക്ഷത വഹിക്കും.എഴുത്തുകാരൻ സുഭാഷ് ചന്ദ്രൻ മുഖ്യ അതിഥിയാകും. 2024 ലെ കാവ്യ സാഹിതീപുരസ്കാരം ചുവപ്പ് എന്നകവിതാ സമാഹാരം മുൻനിറുത്തി രോഷ്നി സ്വപ്നക്ക് സമ്മാനിക്കും .2024 ലെ ബാലസാഹിതീ പുരസ്കാരങ്ങളും ചടങ്ങിൽ സമ്മാനിക്കപ്പെടും .



## ട്രിപ്പ് അഡ്വൈസർ അവാർഡ്

# മികച്ച ആഡംബര ഹോട്ടലായി മൂന്നാർ ബ്ലാങ്കറ്റ് ഹോട്ടൽ ആൻഡ് സ്പാ

**മൂന്നാർ:** ട്രിപ്പ് അഡ്വൈസർ ഇന്ത്യയിലെ ഏറ്റവും മികച്ച ആഡംബര ഹോട്ടലായി മൂന്നാറിലെ ബ്ലാങ്കറ്റ് ഹോട്ടൽ ആൻഡ് സ്പായെ തിരഞ്ഞെടുത്തു. ട്രിപ്പ് അഡ്വൈസർ ട്രാവലേഴ്സ് ചോയ്സ് അവാർഡ് 2024ലാണ് ഇന്ത്യയിലെ മികച്ച ആഡംബര ഹോട്ടലിനുള്ള അവാർഡ് മൂന്നാറിലെ ബ്ലാങ്കറ്റ് ഹോട്ടൽ ആൻഡ് സ്പാ നേടിയത്. കൂടാതെ, ഏഷ്യയിലെ മികച്ച ഹോട്ടലുകളിൽ 10ാം സ്ഥാനവും ഏഷ്യയിലെ മികച്ച 25 ആഡംബര ഹോട്ടലുകളിൽ 13ാം സ്ഥാനവും ഹോട്ടൽ കരസ്ഥമാക്കി.

ബ്ലാങ്കറ്റ് ഹോട്ടലിന്റെയും സ്പാ മൂന്നാറിന്റെയും മികവിനും അതിഥി സംതൃപ്തിക്കും ഉള്ള പ്രതിബദ്ധതയുടെ തെളിവാണ് ഈ അവാർഡ്, ഇന്ത്യയിൽ ആഡംബരപൂർണമായ താമസം ആഗ്രഹിക്കുന്നവർക്ക് ഒരു പ്രധാന ലക്ഷ്യസ്ഥാനമെന്ന നിലയിൽ ഇതിനകം തന്നെ ബ്ലാങ്കറ്റ് ഹോട്ടൽ ആൻഡ് സ്പാ മാറിയിട്ടുണ്ട്. യാത്രക്കാർക്ക് മികച്ച സൗകര്യങ്ങൾ പ്രധാനം ചെയ്യുന്നതിനൊപ്പം മികച്ച സേവനവും ഗുണനിലവാരമുള്ള അനുഭവവും നൽകുന്നതിന്റെ ഭാഗമായാണ് അവാർഡ്.

ആഗോളതലത്തിൽ തന്നെ ശ്രദ്ധയാകർഷിക്കുന്ന ഈ അംഗീകാരം വിനോദസഞ്ചാരത്തെ പ്രോത്സാഹിപ്പിക്കുക മാത്രമല്ല, പ്രദേശത്തിന്റെ സാംസ്കാരിക സമൃദ്ധി ഉയർത്തിക്കാട്ടുകയും മൂന്നാർ ഡെസ്റ്റിനേഷന്റെ പ്രാദേശിക സമൂഹത്തിന സംഭാവന നൽകുകയും ചെയ്യുന്നുവെന്ന് ഹോട്ടൽ അധികൃതർ അറിയിച്ചു. ഹോട്ടൽ ജീവനക്കാർ, പ്രാദേശിക ഡ്രൈവർമാർ, ട്രാവൽ ഏജന്റുമാർ, പ്രാദേശിക സമൂഹം എന്നിവരുടെ കഠിനാധ്വാനത്തിന്റെയും അർപ്പണബോധത്തിന്റെയും തെളിവാണിത്.

ഇന്ത്യയിലെ ഹോസ്പിറ്റാലിറ്റി വ്യവസായത്തിലെ മുൻനിര ലക്ഷ്വറി ഡെസ്റ്റിനേഷൻ എന്ന നിലയിൽ ബ്ലാങ്കറ്റ് ഹോട്ടലിന്റെയും സ്പായുടെയും സ്ഥാനം അടയാളപ്പെടുത്തുന്നതാണ് ഈ അഭിമാനകരമായ അവാർഡ്.

# കാഴ്ചയുടെ വസന്തമൊരുക്കി സൂര്യകാന്തിപ്പാടം

**രാജകുമാരി:** വേനൽക്കാലത്ത് വസന്തത്തിൻറെ മനോഹര കാഴ്ച പകർന്ന് മുട്ടുകാട് പാടശേഖരം. നെല്ലിനങ്ങൾ മാത്രം വിളഞ്ഞിരുന്ന പാടത്ത് ഇക്കുറി വിളഞ്ഞിരിക്കുന്നത് സൂര്യകാന്തികളാണ്.

കാഴ്ച്ചകളുടെ പുതുമ പകരുകയാണ് ഈ പാടശേഖരത്തിലെ സൂര്യകാന്തികൾ.വേനൽക്കാല അവധി ആഘോഷിക്കാനെത്തുന്ന വിനോദ സഞ്ചാരികളടക്കം നിരവധി ആളുകളാണ് ഇവിടേക്ക് എത്തുന്നത്. കടുത്ത ചൂടിലും പൂത്തു നിൽക്കുന്ന സൂര്യകാന്തികളുടെ കാഴ്ച ഏതൊരാളെയും ആകർഷിക്കുന്നതാണ്.



കുടിയേറ്റകാലം മുതൽ മുടങ്ങാതെ നെൽകൃഷി നടത്തിയിരുന്ന പാടശേഖരമാണ് ഇത്. കഴിഞ്ഞ കാലങ്ങളിൽ ഇവിടെ ജലക്ഷാമം മൂലം ഒരു കൃഷി മാത്രമാണ് നടത്തുന്നത്.

പഞ്ചായത്തിൻറെ വേനൽക്കാല കൃഷി പ്രോത്സാഹനത്തിൻറെ ഭാഗമായി ഒന്നര ലക്ഷം രൂപ പാടശേഖരസമിതിക്കായി നൽകി. ഈ പദ്ധതി പ്രകാരമാണ് കർഷകനായ ബിജോ പുതിയവീട്ടിൽ സൂര്യകാന്തി കൃഷി നടത്തിയത്. പാടശേഖരത്തിൻറെ മറ്റു ഭാഗങ്ങളിൽ മറ്റു കർഷകർ പച്ചക്കറി കൃഷികളും നടത്തുന്നുണ്ട്.

വരും വർഷങ്ങളിൽ സൂര്യകാന്തി കൃഷി വിപുലീകരിക്കാനാണ് ബിജോയുടെ തീരുമാനം. കാർഷിക മേഖലയിലെ ഈ പുതിയ പരീക്ഷണം വിനോദസഞ്ചാര മേഖലയ്ക്കും ഗുണകരമാണ്.

# ആക്സിസ് നിഫ്റ്റി ബാങ്ക് ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** ഇന്ത്യൻ ബാങ്കിങ് മേഖലയുടെ ശക്തമായ വളർച്ച ഉപയോഗപ്പെടുത്തുന്നതിന് ആക്സിസ് മ്യൂചൽ ഫണ്ട് പുതിയ ഫണ്ട് ഓഫറായ (എൻഎഫ്ഒ) ആക്സിസ് നിഫ്റ്റി ബാങ്ക് ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു. നിക്ഷേപകർക്ക് പ്രമുഖ ഇന്ത്യൻ ബാങ്കുകളുടെ വളർച്ചയിൽ പങ്കാളികളാകുന്നതിനുള്ള അവസരമൊരുക്കാൻ ഈ ഓപ്പൺഎൻഡ് ഇൻഡക്സ് ഫണ്ട്  നിഫ്റ്റി ബാങ്ക് ടിആർഐ പിന്തുടരാനാണ് ലക്ഷ്യമിടുന്നത്. എൻഎഫ്ഒ സബ്സ്ക്രിപ്ഷൻ 2024 മെയ്  3ന്  ആരംഭിച്ച് മെയ് 17ന് അവസാനിക്കും. 500 രൂപയാണ് നിക്ഷേപിക്കേണ്ട ഏറ്റവും കുറഞ്ഞ തുക. തുടർന്ന് ഒരു രൂപയുടെ ഗുണിതങ്ങളായി നിക്ഷേപിക്കാം. കാർത്തിക് കുമാർ, ആഷിക് നായിക് എന്നവരാണ് ഫണ്ട് മാനേജർമാർ.ആക്സിസ് നിഫ്റ്റി ബാങ്ക് ഇൻഡക്സ് ഫണ്ട് ലാർജ് ക്യാപ്, മിഡ് ക്യാപ് ബാങ്കിങ് കമ്പനികളുടെ വൈവിധ്യമാർന്ന മിശ്രിതം ഉൾപ്പെടുത്തിക്കൊണ്ട് ഈ മേഖലയുടെ വളർച്ചയിൽ നിന്ന്  നേട്ടമുണ്ടാക്കാൻ ആഗ്രഹിക്കുന്ന നിക്ഷേപകർക്ക് ആകർഷകമായ നിക്ഷേപ മാർഗമായിരിക്കുമെന്നും  ആക്സിസ് എഎംസി മാനേജിങ് ഡയറക്ടറും സിഇഒയുമായ ബി. ഗോപ്കുമാർ പറഞ്ഞു.

# സൗജന്യ തൊഴിൽ പരിശീലനം

**തിരുവല്ല:** വള്ളംകുളം തൊഴിൽ പരിശീലന കേന്ദ്രത്തിൽ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, പ്രിന്റിംഗ് ടെക്നോളജി, ബുക്ക് ബൈൻഡിംഗ്, സ്ക്രീൻ പ്രിന്റിംഗ്, ഓഫ്സെറ്റ് പ്രിന്റിംഗ്, ടൈപ്പ് റൈറ്റിംഗ് ഇംഗ്ലീഷ് & മലയാളം എന്നീ കെ.ജി.റ്റി കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കൈകാൽ സ്വാധീനമില്ലാത്തവർ, ചെറിയ തോതിൽ ബുദ്ധി വൈകല്യം ഉള്ളവർ, ഭാഗികമായി കാഴ്ച കുറവുള്ളവർ, ബധിരരായ പെൺകുട്ടികൾ എന്നിവർക്ക് അപേക്ഷിക്കാം. പ്രായപരിധി : 18,35. പരിശീലനം സൗജന്യമാണ്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യമുണ്ട്. പേര്, വിലാസം, ജനനത്തീയതി, വിദ്യാഭ്യാസയോഗ്യത, വൈകല്യത്തിന്റെ സ്വഭാവം, ഇവ രേഖപ്പെടുത്തിയ അപേക്ഷയോടൊപ്പം ജനനത്തീയതി, വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, ജില്ലാ മെഡിക്കൽ ബോർഡിൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്, ആധാർ എന്നീ രേഖകളുടെ പകർപ്പ് സഹിതമുള്ള അപേക്ഷ എക്സിക്യൂട്ടീവ് ഡയറക്ടർ, കാർത്തികാ നായർ മെമ്മോറിയൽ റീഹാബിലിറ്റേഷൻ സെന്റർ, വള്ളംകുളം പി.ഒ, തിരുവല്ല  689 541 എന്ന വിലാസത്തിൽ മെയ് 15ന് ലഭിക്കണം. അപേക്ഷാഫാറത്തിനും വിവരങ്ങൾക്കും ഫോൺ 0469 2608176/ 9446116221, .

# ഇൻഡസ്ടറി സെറ്റപ്പ് സപ്പോർട്ട് വർക് ഷോപ്പ്

**കൊച്ചി:**  വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കായി 'ഇൻഡസ്ടറി സെറ്റപ്പ് സപ്പോർട്ട് വർക് ഷോപ്പ് സംഘടിപ്പിക്കുന്നു. മെയ് 8 മുതൽ 10 വരെ കളമശ്ശേരി കീഡ് ക്യാമ്പസിലാണ് പരിശീലനം.

വിവിധ വകുപ്പകളുടെ നിയമങ്ങൾ, ടൗൺ ആന്റ് കൺട്രി പ്ലാനിംഗ്, കെഎസ്ഇബി, ഫയർ ആന്റ് റസ്ക്യൂ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്,  ലേബർ, പൊല്യൂഷൻ കൺട്രോൾ ബോർഡ്,  ലീഗൽ മെട്രോളജി, ഫുഡ് സേഫ്റ്റി  തുടങ്ങിയ വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കേണ്ട ലൈസൻസുകൾ, കെഎസ്ഡബ്ലിയുഐഎഫ്ടി പോർട്ടൽ മുഖേനെയുള്ള അനുമതികൾ തുടങ്ങിയ വിഷയങ്ങൾ ആണ് ഉൾപെടുത്തിയിരിക്കുന്നത്. പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓൺലൈനായി http://kied.infot/rainingcalender/ ൽ മെയ് 5നകം അപേക്ഷ സമർപ്പിക്കണം.  തിരെഞ്ഞെടുക്കപ്പെടുന്ന 35 പേർ മാത്രം ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2532890 / 2550322/ 9188922800.

# ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** 2024ലെ ട്രോളിംഗ് നിരോധന കാലയളവിൽ കടൽ പട്രോളിംഗിനും കടൽ രക്ഷാപ്രവർത്തനങ്ങൾക്കുമായി ഉപയോഗിക്കുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി ജൂൺ 9 അർദ്ധരാത്രി മുതൽ ജൂലൈ 31 അർദ്ധ രാത്രി വരെയുള്ള കാലയളവിലേക്ക് രണ്ട് യന്ത്രവൽകൃത ബോട്ടുകൾ വാടകയ്ക്ക് നൽകുന്നതിന് താല്പര്യമുള്ള ബോട്ടുടമകളിൽ നിന്ന് ക്വട്ടേഷനുകൾ ക്ഷണിച്ചു. ക്വട്ടേഷനുകൾ മേയ് 13  ഉച്ചയ്ക്ക് ശേഷം 3ന് മുമ്പായി ലഭിക്കണം.

ക്വട്ടേഷൻ കവറിനുപുറത്ത് '2024 ട്രോളിംഗ് നിരോധന കാലയളവിൽ കടൽ പട്രോളിംഗിനും കടൽ രക്ഷാപ്രവർത്തനങ്ങൾക്കുമായി ഉപയോഗിക്കുന്നതിന് ബോട്ട് വാടകയ്ക്ക് നൽകുന്നതിനുള്ള ക്വട്ടേഷൻ' എന്ന് രേഖപ്പെടുത്തിയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ  0484 2502768 .

# ഫെഡറൽ ബാങ്കിന്റെ ലാഭത്തിൽ 24 ശതമാനം വർദ്ധനവ്

FEDERAL BANK
YOUR PERFECT BANKING PARTNER

**കൊച്ചി:** 2024 മാർച്ച് 31 ന് അവസാനിച്ച സാമ്പത്തിക വർഷത്തെ നാലാംപാദത്തിൽ ഫെഡറൽ ബാങ്കിന്റെ മൊത്തം ബിസിനസ് 461937 കോടി രൂപയായി ഉയർന്നു. അറ്റപലിശ വരുമാനം 14.97 ശതമാനം എന്ന ചരിത്രത്തിലെ ഏറ്റവുമുയർന്ന വളർച്ചയോടെ 2195.11 കോടി രൂപയിലെത്തി.പുതിയ ബെഞ്ച്മാർക്കുകൾ സെറ്റ് ചെയ്യാൻ സാധിച്ച മികച്ചൊരു സാമ്പത്തികവർഷമാണ് കടന്നുപോയതെന്ന് ബാങ്കിന്റെ എംഡിയും സി ഇ ഓയുമായ ശ്യാം ശ്രീനിവാസൻ പറഞ്ഞു. 906.30 കോടി രൂപയാണ് അറ്റാദായം. ബാങ്കിന്റെ മൊത്തം ബിസിനസ് 19.11 ശതമാനം വർധിച്ച് 461937.36 കോടി രൂപയിലെത്തി. മുൻവർഷം ഇതേ പാദത്തിൽ 213386.04 കോടി രൂപയായിരുന്ന നിക്ഷേപം 18.35 ശതമാനം വർദ്ധനവോടെ 252534.02 കോടി രൂപയായി. വായ്പാ വിതരണത്തിലും ബാങ്കിന് മികച്ച വളർച്ച കൈവരിക്കാൻ സാധിച്ചു. ആകെ വായ്പ മുൻ വർഷത്തെ 174446.89 കോടി രൂപയിൽ നിന്ന് 209403.34 കോടി രൂപയായി വർധിച്ചു. 20.04 ശതമാനമാണ് വളർച്ചാനിരക്ക്. റീട്ടെയൽ വായ്പകൾ 20.07 ശതമാനം വർധിച്ച് 67435.34 കോടി രൂപയായി. വാണിജ്യ ബാങ്കിങ് വായ്പകൾ 26.63 ശതമാനം വർധിച്ച് 21486.65 കോടി രൂപയിലും കോർപറേറ്റ് വായ്പകൾ 11.97 ശതമാനം വർധിച്ച് 73596.09 കോടി രൂപയിലും ബിസിനസ് ബാങ്കിങ് വായ്പകൾ 21.13 ശതമാനം വർദ്ധിച്ച് 17072.58 കോടി രൂപയിലുമെത്തി. സ്വർണവായ്പകൾ 27.14 ശതമാനം വളർച്ചയോടെ 25000 കോടി രൂപയെന്ന നാഴികക്കല്ലു കടന്നു.അറ്റപലിശ വരുമാനം 14.97 ശതമാനം വർധനയോടെ 2195.11 കോടി രൂപയിലെത്തി. ചരിത്രത്തിലെ ഏറ്റവുമുയർന്ന അറ്റപലിശ വരുമാനമാണിത്. കഴിഞ്ഞ സാമ്പത്തിക വർഷം ഇത് 1909.29 കോടി രൂപയായിരുന്നു. 4528.87 കോടി രൂപയാണ് ബാങ്കിന്റെ മൊത്ത നിഷ്ക്രിയ ആസ്തി. മൊത്തം വായ്പകളുടെ 2.13 ശതമാനമാണിത്. അറ്റ നിഷ്ക്രിയ ആസ്തി 1255.33 കോടി രൂപയാണ്. മൊത്തം വായ്പകളുടെ 0.60 ശതമാനമാണിത്. 71.08 ആണ് നീക്കിയിരുപ്പ് അനുപാതം. ഈ പാദത്തോടെ ബാങ്കിന്റെ അറ്റമൂല്യം 29089.41 കോടി രൂപയായി വർധിച്ചു. 16.13 ശതമാനമാണ് മൂലധന പര്യാപ്തതാ അനുപാതം. ബാങ്കിന് നിലവിൽ 1500ലധികം ശാഖകളും 2013 എടിഎമ്മുകളുമുണ്ട്.

## ന്യൂട്രിമാക്സ് വിപണിയിലിറക്കി

**കൊച്ചി:** അല്ലാന ഗ്രൂപ്പിനു കീഴിലുള്ള ബൗളേഴ്സ് വളർത്തുനായകൾക്കായി പുതിയ ന്യൂട്രിമാക്സ് ഭക്ഷണ ശ്രേണി പുറത്തിറക്കി. കൊച്ചിയിലെ അഡ്‌ലെക്സ് കൺവെൻഷൻ സെന്ററിൽ നടന്ന വേൾഡ് സ്മാൾ അനിമൽ വെറ്ററിനറി അസോസിയേഷൻ (ഡബ്ള്യുഎസ്എവിഎ) സമ്മേളനത്തിലാണ് പുതിയ ശ്രേണി അവതരിപ്പിച്ചത്.
കുറഞ്ഞവിലയിൽ ഉന്നതനിലവാരമുള്ള പെറ്റ് ഫുഡ് വിപണിയിലെത്തിക്കാനുള്ള ബൗളേഴ്സ് ബ്രാൻഡിന്റെ ശ്രമങ്ങളുടെ ഭാഗമാണ് ന്യൂട്രിമാക്സ് ശ്രേണി. വളർത്തുമൃഗങ്ങൾക്കായി കുറഞ്ഞ നിരക്കിൽ വിപണിയിൽ ലഭ്യമാകുന്ന ഏറെ വ്യത്യസ്തമായ ഒരു ശ്രേണിയാണ് ന്യൂട്രിമാകസ്, ഭാവിയിൽ കൂടുതൽ മികച്ച ഉൽപ്പന്നങ്ങൾ പുറത്തിറക്കാനുള്ള ശ്രമങ്ങളുടെ തുടക്കമാണ് ന്യൂട്രിമാകസ് എന്ന് അലാന കമ്പനിയുടെ പെറ്റ് ഫുഡ് വിഭാഗം സിഇഒ എ. രാഘവേന്ദ്ര റാവു പറഞ്ഞു.

## പുതിയ സ്വിഫ്റ്റ്: പ്രീബുക്കിംഗ് ആരംഭിച്ചു

**കൊച്ചി:** കാർ നിർമ്മാതാക്കളായ മാരുതി സുസുക്കി ഇന്ത്യ ലിമിറ്റഡ്, നാലാം തലമുറ എപ്പിക് ന്യൂ സ്വിഫ്റ്റിന്റെ പ്രീബുക്കിംഗ് ആരംഭിച്ചു. 11,000/ രൂപയാണ് ബുക്കിങ്ങ് തുക. എപ്പിക് ന്യൂ സ്വിഫ്റ്റ് അതിന്റെ മികവും ഫൺടുഡ്രൈവ് ഘടകവും മെച്ചപ്പെടുത്തിയതിനൊപ്പം സിഗ്നേച്ചർ സ്പോർട്ടി ഡിസൈനിലും ലഭ്യമാണ്. മാരുതി സുസുക്കിയുടെ സ്വിഫ്റ്റ് ആരംഭിച്ചതു മുതൽ 29 ലക്ഷത്തിലധികം വാഹനങ്ങൾ വിറ്റഴിച്ചിരുന്നു.
സുസുക്കിയുടെ ഒരു ഐക്കോണിക് ബ്രാൻഡാണ് സ്വിഫ്റ്റ്. കാലം മാറുന്നതനുസരിച്ച് ഉപഭോക്താവിന്റെ പ്രതീക്ഷക്കൊത്ത് അത് പരിണമിച്ചു. എപ്പോഴത്തെയും പോലെ, നെക്സ്റ്റ് ജനറേഷൻ സ്വിഫ്റ്റ്, പ്രീമിയം ഹാച്ച്ബാക്ക് സെഗ്മെന്റിൽ പുതിയ ബെഞ്ച്മാർക്ക് സൃഷ്ടിക്കാൻ സജ്ജമായി കഴിഞ്ഞെന്ന് മാരുതി സുസുക്കി ഇന്ത്യ ലിമിറ്റഡിന്റെ മാർക്കറ്റിംഗ് & സെയിൽസ് വിഭാഗം സീനിയർ എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ പാർത്തോ ബാനർജി പറഞ്ഞു



# അധിക സുരക്ഷയുമായി കുഷാഖും സ്ലേവിയയും

**കോട്ടയം:** സ്കോഡ ഇന്ത്യയുടെ ജനപ്രിയ വാഹനങ്ങളായ കുഷാഖ്, സ്ലേവിയ മോഡലുകളിൽ അധിക സുരക്ഷയുമായി പുതിയ എംവൈ24 അപ്ഡേറ്റുകൾ. ഈ രണ്ടു മോഡലുകളുടേയും അടിസ്ഥാന വേരിയന്റ് തൊട്ട് എല്ലാ വേരിയന്റുകളിലും ഇനി ആറ് എയർബാഗുകളുടെ അധിക സുരക്ഷിതത്വവും ലഭിക്കുമെന്ന് സ്കോഡ ഓട്ടോ ഇന്ത്യയുടെ ബ്രാൻഡ് ഡയറക്ടർ പീറ്റർ ജാനെബ പറഞ്ഞു.സ്കോഡയുടെ ജനിതക ഘടനയിലെ അവിഭാജ്യ ഘടകമാണ് സുരക്ഷ. ഗ്ലോബൽ എൻകാപ് ക്രാഷ് ടെസ്റ്റുകളിൽ മുതിർന്ന യാത്രക്കാരുടേയും കുട്ടികളുടേയും സുരക്ഷിതത്വത്തിൽ ഫൈവ് സ്റ്റാർ റേറ്റിങ് ലഭിച്ച ആദ്യ വാഹന ബ്രാൻഡാണ് ഞങ്ങളുടേത്. കുടുംബങ്ങളുടെ ഇഷ്ട ബ്രാൻഡാകുക എന്നതിലാണ് ഞങ്ങളുടെ ശ്രദ്ധ. ഞങ്ങളുടെ അടിസ്ഥാന വേരിയന്റുകളിൽ നേരത്തെ മുൻവശത്തെ യാത്രക്കാർക്കു വേണ്ടി മാത്രമായിരുന്നു എയർബാഗുകൾ ഉണ്ടായിരുന്നത്. എന്നാൽ പുതിയ സുരക്ഷാ അപ്ഡേറ്റിന്റെ ഭാഗമായി ബേസ് മോഡൽ തൊട്ട് എല്ലാ വേരിയന്റുകളിലും ആറ് എയർ ബാഗുകൾ ഉറപ്പാക്കിയിട്ടുണ്ട്. ഞങ്ങളുടെ ഉപഭോക്താക്കളുടെ നിർദേശങ്ങൾ എല്ലായ്പ്പോഴും കേൾക്കാറുണ്ട്. അതിനനുസരിച്ചുള്ള പുതിയ അപ്ഡേറ്റുകൾ നൽകുന്നതും തുടരുമെന്നും പീറ്റർ ജാനെബ പറഞ്ഞു.

കുഷാക്ക് ആരംഭിക്കുന്നത് ആക്ടീവ് വേരിയന്റിലാണ്. തൊട്ടടുത്ത വേരിയന്റ് അംബീഷൻ. ഉയർന്ന വേരിയന്റായ സ്റ്റൈലിൽ മോണ്ടെ കാർലോ, എലഗൻസ് എന്നീ എഡിഷനുകളുമുണ്ട്. സ്ലേവിയയും ആക്ടീവ് വേരിയന്റ് മുതലാണ് ആരംഭിക്കുന്നത്. അംബീഷൻ, സ്റ്റൈൽ എന്നിവയാണ് ഉയർന്ന വേരിയന്റുകൾ. സ്റ്റൈൽ എലഗൻസ് പതിപ്പാണ് ഏറ്റവും ഉയർന്ന വേരിയന്റ്. രണ്ട് കാറുകൾക്കും കരുത്തു പകരുന്നത് ശക്തവും കാര്യക്ഷമവുമായ 1.0 ടിഎസ്ഐ, 1.5 ടിഎസ്ഐ എഞ്ചിനുകളാണ്. 6സ്പീഡ് മാനുവൽ, 6സ്പീഡ് ഓട്ടോമാറ്റിക്, 7സ്പീഡ് ഡിഎസ്ജി ട്രാൻസ്മിഷനുകളിൽ ലഭ്യമാണ്.

